## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.★ 686** **11.07.2014 ൽ മറുപടിക്ക്**

<u>ദേശീയപാതാ വികസനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ.കെ.നാരായണൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, പി.റ്റി.എ.റഹീം | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാതാ വികസനം സംബന്ധിച്ച് കേന്ദ്രസർക്കാർ അന്തിമ നിലപാട് അറിയിച്ചിട്ടുണ്ടോ; ഇത് ആശാവഹമാണോ; | (എ) ദേശീയപാതാ വികസന പദ്ധതി ഘട്ടം II-ലും III-ലും ഉൾപ്പെട്ടിട്ടുള്ള ദേശീയ പാത 17-ലേയും 47-ലേയും വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ ദേശീയപാത 17 ലെ കുറ്റിപ്പുറം - ഇടപ്പള്ളി ഭാഗവും, ദേശീയപാത 47-ലെ ചേർത്തല - കഴക്കൂട്ടം ഭാഗവും ടി പദ്ധതിയിൽ നിന്നൊഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 24.06.2014 ൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളും ആശങ്കകളും അറിയിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളിന്മേൽ കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ബി) സ്ഥലം വിട്ടുനൽകുന്നവർക്കുള്ള പുനരധിവാസ പാക്കേജിന് കേര | (ബി) ദേശീയപാതകൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സംസ്ഥാന |

| | | | |
|---|---|---|---|
| | ഉത്തിന് പ്രത്യേക പരിഗണന വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; പ്രസ്തുത ആവശ്യത്തിന് മറുപടി ലഭ്യമായിട്ടുണ്ടോ ; | | സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുനരധിവാസ പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. എന്നാൽ അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |
| (സി) | ദേശീയപാതാ വികസനത്തിൽ നിന്നും കേന്ദ്രം പൂർണ്ണമായും പിന്മാറുന്ന പക്ഷം റോഡ് വികസനം എത്രത്തോളം പ്രതിസന്ധിയിലാകാൻ സാധ്യതയുണ്ട്; മറ്റു പരിഹാര മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | കേരളത്തിൽ ദേശീയപാതയുടെ വീതി 45 മീറ്റർ ആയി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നും ഒരു മാറ്റം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ആഗ്രഹിക്കുന്നില്ല. എന്നാൽ 30 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായയിടങ്ങളിൽ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നാലുവരിപ്പാത നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. ഈ കാര്യങ്ങൾ സർക്കാർ തലത്തിലും സർവ്വകക്ഷി തലത്തിലും ചർച്ച ചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.